## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 438 — 07.01.2014 -ൽ മറുപടിക്ക്

### കെ.എസ്.ആർ.ടി.സി. വക ഭൂമി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.വി. വിജയദാസ് : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.-ക്ക് കേരളത്തിൽ എത്ര ഏക്കർ സ്ഥലമുണ്ടെന്ന്, ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ ; | (എ) | മൊത്തം 420.03.149 ഏക്കർ<br>1. തിരുവനന്തപുരം ജില്ല :- 110.48.299<br>2. കൊല്ലം ജില്ല :- 29.99.408<br>3. ആലപ്പുഴ ജില്ല :- 29.61.984<br>4. എറണാകുളം ജില്ല :- 44.26.197<br>5. തൃശ്ശൂർ ജില്ല :- 23.93.824<br>6. മലപ്പുറം ജില്ല :- 67.89.984<br>7. കോട്ടയം ജില്ല :- 20.05.577<br>8. പത്തനംതിട്ട ജില്ല :- 21.10.906<br>9. ഇടുക്കി ജില്ല :- 14.58.753<br>10. പാലക്കാട് ജില്ല :- 14.55.575<br>11. കോഴിക്കോട് ജില്ല :- 14.42.811<br>12. വയനാട് ജില്ല :- 13.05.000<br>13. കണ്ണൂർ ജില്ല :- 10.51.000<br>14. കാസർഗോഡ് ജില്ല :- 5.53.831 |
| (ബി) | പ്രസ്തുത ഭൂമിക്ക് എല്ലാംതന്നെ പട്ടയം ഉണ്ടോ; ഇല്ലെങ്കിൽ, ആയതിന്റെ കാരണം അറിയിക്കുമോ; | (ബി) | എല്ലാ ഭൂമിക്കും പട്ടയം ലഭിച്ചിട്ടില്ല. എന്നാൽ 300.95.544 ഏക്കർ ഭൂമിക്ക് തണ്ടപ്പേരോ പട്ടയമോ ലഭിച്ചിട്ടുണ്ട്. 08.02.2011-ൽ ചേർന്ന അഡീഷണൽ ചീഫ് സെക്രട്ടറി (റവന്യൂ) ഉൾപ്പെട്ട സമിതിയുടെ യോഗത്തിന്റെ മിനിട്ട്സ് പ്രകാരം കെ.എസ്.ആർ.ടി.സിക്ക് KLA Rules ബാധകമല്ലായെന്നും ആയതിനാൽ കെ.എസ്.ആർ.ടി.സിയുടെ പക്കലുള്ള സ്ഥലങ്ങൾക്ക് പട്ടയം അനുവദിക്കുന്നതിന്റെ പ്രശ്നം ഉദിക്കുന്നില്ലായെന്നും |

...

| | | | |
|---|---|---|---|
| | | | അറിയിക്കുകയുണ്ടായി. കൂടാതെ പ്രസ്തുത സ്ഥലങ്ങൾക്ക് കൈവശാവകാശ സർട്ടിഫിക്കറ്റ് മാത്രം നൽകിയാൽ മതിയാകും എന്നും അറിയിക്കുകയുണ്ടായി. ടി തീരുമാനമാണ് കെ.എസ്.ആർ.ടി.സി സ്ഥലങ്ങൾക്ക് പട്ടയം ലഭിക്കുന്നതിന് തടസ്സം നിൽക്കുന്നത്. |
| (സി) | പ്രസ്തുത ഭൂമിയുടെ പട്ടയങ്ങൾ നേടിയെടുക്കാൻ സ്വീകരിച്ച നടപടികളുടെ വിശദ വിവരങ്ങൾ നൽകുമോ? | (സി) | കെ.എസ്.ആർ.ടി.സി.ക്ക് പട്ടയം ലഭിയ്ക്കാത്ത ഭൂമികൾക്ക് പട്ടയം ലഭിയ്ക്കുന്ന നടപടി സ്വീകരിക്കുവാൻ ES5-003190/2002 dated 13.08.2013 എന്ന കത്തിലൂടെ കെ.എസ്.ആർ.ടി.സി ലാൻഡ് റവന്യൂ കമ്മീഷണറോട് അഭ്യർത്ഥിച്ചിരിക്കുകയാണ്.<br>കൂടാതെ, കെ.എസ്.ആർ.ടി.സി ഏറ്റെടുത്തിട്ടുള്ള ഭൂമി സംബന്ധിച്ച് ലാന്റ് അക്വിസിഷൻ പ്രകാരമുള്ള നടപടികൾ ചട്ടപ്രകാരമുള്ള നിശ്ചിത സമയത്തിനുള്ളിൽ തന്നെ പൂർത്തികരിക്കാൻ സർക്കാർ, ലാന്റ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ